# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1701

05/02/2019-ൽ
മറുപടിയ്ക്ക്

## കോളേജുകളിലെ മലയാളം അദ്ധ്യാപക തസ്തികകൾ

**ചോദ്യം**

**മറുപടി**

ശ്രീ.പി.ടി.തോമസ് :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ മലയാളത്തിന് ഇരുപത്തിയഞ്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒഴിവുണ്ടായിരുന്നിട്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിന്മേൽ എട്ട് തസ്തിക മാത്രം സൃഷ്ടിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ കോളേജുകളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിന്മേൽ 28.07.2018 - ലെ സ.ഉ(കൈ) 182/2018/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം മലയാളത്തിന് ഒരു തസ്തികയും 16.01.2019- ലെ സ.ഉ(കൈ) 4/2019/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം മലയാളത്തിന് എട്ട് തസ്തികകളും അനുവദിച്ചിട്ടുണ്ട്.മതിയായ ജോലിഭാരവും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ബാക്കിയുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ; ബാക്കിയുള്ള തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് അതിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**